# Interview

*by K.S. Rajesh*

**നമ്മുടെ ജോലിയിലെ കൃത്യനിഷ്ഠതയും, ഉത്തരവാദിത്വവുമാണ് സ്ഥാപനത്തിന്റെ പുരോഗതിക്ക് എന്നും ആധാരമാകുന്നതെന്ന പക്ഷക്കാരനാണ് 37 വർഷത്തെ സ്തുത്യാർഹമായ സേവനത്തിനുശേഷം വിരമിക്കുന്ന അസിസ്റ്റന്റ് വാർഫ് സൂപ്രണ്ടായ മുകുന്ദേട്ടന്റേത്.**



➢ കൊച്ചിൻ പോർട്ടിൽ എന്നാണ് ജോലിയിൽ പ്രവേശിച്ചത്?

1969 ഡിസംബർ മാസം 10-ാം തീയതി.

➢ അതിനുശേഷം ഏതൊക്കെ തലങ്ങളിൽ സേവനം അനുഷ്ഠിച്ചു?

Work shop - casual worker ആയിട്ടായിരുന്നു തുടക്കം. പിന്നീട് 1980-ൽ ഷെഡ് ക്ലാർക്ക് ആയി വാർഫിൽ പ്രവേശിച്ചു. അതിനു ശേഷം Shed writer, Tally supervisor, shed foreman എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ അസിസ്റ്റന്റ് വാർഫ് സൂപ്രണ്ട് ആയി ജോലി നോക്കുന്നു.

➢ ഇത്രയും വർഷത്തെ സേവനത്തിനിടയ്ക്ക് മറക്കാനാവാത്ത എന്തെങ്കിലും സംഭവങ്ങൾ?

Overtime duty യിൽ ഉറ്റ സുഹൃത്ത് കാണിച്ച സ്വാർത്ഥ താല്പര്യം മാത്രം (വിവരിക്കുവാൻ താല്പര്യപ്പെടുന്നില്ല.)

➢ ഇപ്പോഴത്തെ ഇവിടുത്തെ പുരോഗതികൾ നമ്മുടെ ജോലിയെ എത്രമാത്രം സഹായിച്ചിട്ടുണ്ട്.?

കൃത്യനിഷ്ഠ, കണ്ടയ്നർ ട്രാഫിക്ക് എന്നിവയുടെ കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

➢ നമ്മുടെ തുറമുഖത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ?

അടിക്കടി പുരോഗതി പ്രതീക്ഷിക്കുന്നു.

➢ കുടുംബം?

ഭാര്യ അദ്ധ്യാപിക, മൂത്തമകൾ M.Ed ന് പഠിക്കുന്നു ഇളയ മകൾ B.Tech ന് പഠിക്കുന്നു.

➢ വിശ്രമകാല ജീവിതം എങ്ങനെ ചിലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.?

കൃഷിയിൽ താല്പര്യമുണ്ട്

➢ ഇത്രയും വർഷത്തെ അനുഭവ സമ്പത്തിൽ നിന്നും സഹപ്രവർത്തകർക്കായ് എന്തെങ്കിലും സന്ദേശം?

കൃത്യസമയത്ത് ജോലിക്ക് ഹാജരാവുക. ഉത്തരവാദിത്വത്തോടെ ജോലി ചെയ്യുക. ഇത് സ്ഥാപനത്തിന്റെ പുരോഗതിക്കും നിലനില്പിനും അത്യാവശ്യമാണ്.



# Interview

*by S.B. Akhilan*

**ഫ്രാൻസിസ് സേവ്യർ ഡ്യൂറോം എന്നാണ് രജിസ്റ്ററിലെ പേര്, സഹപ്രവർത്തകർ ഞങ്ങൾ സ്നേഹപൂർവ്വം 'സായിപ്പ്' എന്നു വിളിക്കും. തന്റെ സേവനതല്പരത പരമാവധി പ്രയോജനപ്പെടുത്തി എന്ന സംതൃപ്തിയോടെയാണ് ഇദ്ദേഹം ഐ.ജി.ടി.യുടെ പടവുകളിറങ്ങുന്നത്.**

"എല്ലാം OK, alright"

ഫ്രാൻസിസ് സേവ്യർ ഡ്യൂറോം എന്നാണ് രജിസ്ട്രറിലെ പേര്. എന്നാൽ സഹപ്രവർത്തകർ സ്നേഹപൂർവ്വം 'സായിപ്പ്' എന്ന് വിളിക്കുന്ന ഈ ആംഗ്ലോ ഇൻഡ്യ ക്കാരൻ വിരമിക്കുമ്പോൾ പറഞ്ഞു നിർത്തിയതാണ് ഇത്.

"എല്ലാം OK, alright"

1969-ൽ Marine Section-ൽ ബോയിലർ ബോയ് ആയിട്ടാണ് തുറമുഖത്ത് വരുന്നത്. പിന്നീട് ഓയിൽമാൻ, ഗ്രീസർ, ഡ്രൈഡോക്കിൽ ഫാബ്രിക്കേറ്റർ, മെക്കാനിക്ക്, പിന്നീട് C.T. യിൽ 20 വർഷങ്ങൾക്ക് മുമ്പ് എച്ച്.എസ്.കെ. ആയും പിന്നീട് ഫോർമാനുമായ 'ഡ്യൂറോമ' സായിപ്പിനെ പരിചയ സമ്പത്ത് ഏറെയാണ്.

➢ ജോലിയിൽ സംതൃപ്തനാണോ എന്ന ആദ്യ ചോദ്യത്തിന് 400 ലീവോളം ബാക്കിയുള്ള ഞാൻ സംതൃപ്തനല്ലാതെ വരുമോ എന്ന മറുചോദ്യത്താൽ അമ്പരപ്പിക്കുകയാണ് ചെയ്തത്.

➢ 1969-ഉം 2006-നുമിടയ്ക്കുള്ള കാലം എങ്ങിനെ നോക്കി കാണുന്നു ?

ഓരോന്നായ് പറയുന്നില്ല. എന്നാൽ പുരോഗതി തന്നെയാണ് ഉണ്ടായിട്ടുള്ളത്. അനാവശ്യമായുള്ള പണപ്പിരിവുകൾ നിർത്തലായത് വീണ്ടും നല്ലതിലേയ്ക്കുള്ള സൂചനയാണ്.

➢ എൻജിനീയറിംഗ് സെക്ഷനിൽ ഐ.ജി.ടി.യുടെ ചേർന്നുള്ള പ്രവർത്തനം.

Administration-ൽ ഉള്ള വ്യത്യാസങ്ങൾ, ഇടപെടലുകൾ ഫോർമാന്റെ അധികാര പരിധിയെ കുറച്ചതായ് അഭിപ്രായം ഉണ്ട്. ആധുനികമായുള്ള ടൂളും, ഉപകരണങ്ങളും speed work ആകാൻ സഹായിച്ചിട്ടുണ്ട്.

➢ കുടുംബം: ഭാര്യ, രണ്ടുപെൺമക്കൾ. ഒരാൾ വിവാഹിത

➢ സഹപ്രവർത്തകരുമായ് ജോലിയിൽ തല്ലുപിടിക്കും. പക്ഷേ അത് കഴിഞ്ഞാൽ സൗഹൃദം മാത്രം".

➢ സന്തോഷകരമോ, ദു:ഖകരമോ ആയ എന്തെങ്കിലും ?

ദു:ഖം മനസ്സിൽ സൂക്ഷിക്കാനുള്ളതല്ല. ഔദ്യോഗികമായും, സ്വകാര്യമായും എനിക്കു എല്ലാം സന്തോഷമാണ്. അത് തന്നെയാണ് എന്റെ ആരോഗ്യവും.

വികാരങ്ങൾ അപ്പപ്പോൾ പ്രകടിപ്പിക്കുകയും ആരോടും ഒന്നും, മനസ്സിൽ വച്ച് പെരുമാറുകയും ചെയ്യാത്ത ഡ്യൂറോമ സായിപ്പ് ഉറക്കെ ചിരിച്ചുകൊണ്ട് എണീറ്റു. കൈപൊക്കി പറഞ്ഞു.

"എല്ലാം OK, alright"